(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കാഞ്ഞങ്ങാട് പി.എം.ജി.എസ്.വൈ.

28 (1402) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണാനുമതി നൽകിയതെന്ന് പറയാമോ;

(ബി) ഏതൊക്കെ റോഡുകളുടെ പ്രവൃത്തി പൂർത്തിയായി; ഇനിയും പൂർത്തിയാക്കാൻ ബാക്കിയുള്ളവ ഏതൊക്കെ; വിശദാംശങ്ങൾ നൽകാമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ഏതൊക്കെ റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് റോഡ്, പഞ്ചായത്ത് എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം 1 * ആയി ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം 2 * ആയി ചേർത്തിരിക്കുന്നു.

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമനമ്പർ	റോഡ്	പഞ്ചായത്ത്	ബ്ലോക്ക്	നീളം
1	പി.എം.ജി. എസ്.വൈ.2 മുണ്ടോട്ട്-തൊട്ടിനാട് അരയങ്ങാനം	മടിക്കൈ	കാഞ്ഞങ്ങാട്	5.035 കി.മീ.

തൊഴിലുറപ്പ് വേതന നിരക്ക്

29 (1403) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയെന്നും അത് പര്യാപ്തമാണോയെന്നും പറയാമോ;

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന യഥാർത്ഥ വില സൂചികയുടേയും ജീവിത നിലവാരത്തിന്റേയും അടിസ്ഥാനത്തിൽ കൂലി നിരക്ക് പരിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് കേന്ദ്ര സർക്കാരിന് മേൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം, സംസ്ഥാനങ്ങളിലെ വിലസൂചികയുടെ അടിസ്ഥാനത്തിൽ പദ്ധതി തൊഴിലാളികളുടെ അവിദഗ്ധ തൊഴിൽ കൂലി നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന കൂലി 229 രൂപയാണ്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതി

30 (1404) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly